**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2270** **16-03-2022 - ൽ മറുപടിയ്ക്ക്**

**മുൻഗൻണനാ റേഷൻ കാർഡ് അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടിക്രമം ആണുള്ളതെന്ന് വിശദമാക്കുമോ; | (എ) | മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽ നിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവരാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുക എന്ന് വിശദമാക്കാമോ; | (ബി) | അന്ത്യോദയ അന്നയോജന (എ.എ.വൈ), പ്രയോരിറ്റി ഹൗസ് ഹോൾഡ്സ് (പി.എച്ച്.എച്ച്) കാർഡുകളാണ് മുൻഗണനാ വിഭാഗം. കേന്ദ്ര സർക്കാർ 25.12.2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. 1) സാമൂഹ്യമോ, കുടുംബപരമോ ആയി |

| | | | |
|---|---|---|---|
| | | | സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗ ബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/ നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ. 2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇത് കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 18/09/2017 ലെ സ.ഉ(സാധാ)നം.320/2017/ ഭ.പൊ.വി.വ, 27/10/2020 ലെ സ.ഉ(സാധാ)നം.319/2020/ ഭ.പൊ.വി.വ എന്നിവയിലെ മാനദണ്ഡ പ്രകാരമുള്ള ഗുണഭോക്താക്കളാണ് പി.എച്ച്.എച്ച് വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | തദ്ദേശസ്ഥാപനങ്ങളുടെ ദാരിദ്ര്യരേഖ പട്ടിക വർഷങ്ങളായി പുതുക്കാത്തതിനാൽ പട്ടികയിൽ ഉൾപ്പെടാത്തവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ എന്ന് വിശദമാക്കുമോ; | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിയിട്ടുള്ള BPL -2009 പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേക്കായി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ 20 മാർക്ക് അനുവദിച്ചു വരുന്നു. എന്നാൽ ടി പട്ടിക യഥാസമയം പുതുക്കാത്തതിനാൽ അർഹതയുള്ള കുടുംബങ്ങൾക്ക് ഇപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകാൻ സാധിക്കാതെ വരുന്നു. ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സെക്രട്ടറി അനുവദിക്കുന്ന BPL സർട്ടിഫിക്കറ്റ് പ്രകാരം ഓരോ കുടുംബത്തിനും ക്ലേശഘടകങ്ങൾക്ക് 20 മാർക്ക് അനുവദിക്കുന്ന വിഷയം ഫയൽ നം. ഭ.പൊ.വി.വ-ബി3/46/2022-ഭ.പൊ.വി.വ പ്രകാരം പരിശോധിച്ചു വരുന്നു. |
| (ഡി) | ക്യാൻസർ, വൃക്കരോഗം തുടങ്ങിയ മാരകരോഗങ്ങൾ നേരിടുന്നവരുടെ ചികിത്സാ ആവശ്യത്തിന് ഇളവ് ലഭിക്കാൻ കാർഡുകൾ മുൻഗണനാ | (ഡി) | ഗുരുതര രോഗം ബാധിച്ച എ.എ.വൈ, പി.എച്ച്.എച്ച് മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിലെ ഉപഭോക്താക്കൾക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06.07.2018 ലെ |

| | | | |
|---|---|---|---|
| | വിഭാഗത്തിലേക്ക് മാറ്റുവാൻ നിലവിൽ എന്തെങ്കിലും വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | സ.ഉ(സാധാ)നം.2171/2018/ആകുവ യുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം നൽകി വരുന്നുണ്ട്. കൂടാതെ 27/10/2020 ലെ 319/2020/ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം മുൻഗണനയിൽ ഉൾപ്പെടുത്തി വരുന്നു. |
| (ഇ) | കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിൽ ഇത്തരം രോഗികളുടെ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റണമെന്ന അപേക്ഷകളിൽ എത്ര എണ്ണം തീരുമാനമെടുത്തു എന്നും എത്ര അപേക്ഷകൾ മേലധികാരികൾക്ക് സമർപ്പിച്ച് തീരുമാനം ആകാത്തതുണ്ടെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | കാൻസർ, വൃക്കരോഗം തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ച് മുൻഗണനയിലേക്ക് മാറ്റുന്നതിന് ലഭ്യമായ 13 അപേക്ഷകളിലും തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 - മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പട്ടിക തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ(സാധാ)നം.320/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി, 18.09.2017

==========================================================

പരാമർശം: - 1) 14.01.11 ലെ സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ
2) 27.04.12 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ
3) സിവിൽ സപ്ലൈസ് കമ്മീഷണറുടെ 31.08.2017 ലെ (സി.എസ്)എ6-19331/17 നം. കത്ത്.

## ഉത്തരവ്

1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കിയ പട്ടികയിൽ ധാരാളം അനർഹർ കടന്നു കൂടുകയും അർഹർ ഒഴിവായിപോകുകയും ചെയ്തു എന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിനാലും പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ലെ വകുപ്പ് 3(13) പ്രകാരം അന്തിമ മുൻഗണനാ പട്ടിക തുടർച്ചയായി പുനരവലോകനം നടത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും നിലവിലെ മാനദണ്ഡങ്ങളിൽ ശ്രദ്ധയിൽ പ്പെടുത്തപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2)

a) സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000/-രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/-രൂപയിൽ താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

b) ആദായ നികുതി ഒടുക്കുന്നവർ

c) പ്രതിമാസ വരുമാനം 25000 രൂപയ്ക്ക് മുകളിലുള്ളവർ.

d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)

e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ;

എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

3)

a) പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങൾ

b) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ)

c) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പട്ടിക പ്രകാരം - സാമ്പത്തിക അവസ്ഥയ്ക്ക് വലിയ ഉയർച്ച ഉണ്ടായിട്ടില്ലെങ്കിൽ)

d) പട്ടിക വർഗ്ഗം (ഖണ്ഡിക 2 (a)യിൽപെടുന്നവർ ഒഴികെ)

e) കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

f) നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ;

എന്നിവരെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) ഇതുകൂടാതെ പരമ്പരാഗത തൊഴിൽ മേഖല, അസംഘടിത തൊഴിൽ മേഖല എന്നിവയ്ക്ക് പ്രത്യേകമായും എസ്.ടി, എസ്.സി തുടങ്ങിയ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കായുള്ള പരിഗണനകൾക്ക് പ്രത്യേകമായും മാർക്ക് നൽകി ഉൾപ്പെടുത്തേണ്ടതാണ്.

5) തൊഴിൽരഹിതർ എന്ന നിലയിൽ മാർക്ക് നൽകുന്നത് കുടുംബനാഥൻ/നാഥ/വീട്ടിലെ മുതിർന്ന സംരക്ഷണ ചുമതലയുള്ള അംഗം എന്നിവർക്കായി പരിമിതപ്പെടുത്തേണ്ടതാണ്.

6) ഇപ്രകാരം അർഹരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഉതകുന്ന രീതിയിൽ കൃത്യമായ അന്വേഷണം നടത്തി ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനും അങ്ങനെ വരുന്ന മാറ്റങ്ങൾ സർക്കാർ അനുമതിയോടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി ഐ.എ.എസ്.**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. തദ്ദേശ സ്വയംഭരണ വകുപ്പ്
4. സാമൂഹ്യ നീതി വകുപ്പ്
5. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, എൻ.ഐ.സി
8. ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 - ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുള്ള ഗുരുതര രോഗബാധിതർ, ഭിന്നശേഷിക്കാർ, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് - പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 319/2020/ഭ.പൊ.വി.വ          തീയതി, തിരുവനന്തപുരം, 27.10.2020**

==========================================================================

പരാമർശം : - 1) സ.ഉ(സാധാ) നം.320/2017/ഭ.പൊ.വി.വ, തീയതി 18.09.2017.

2) ബഹു. ഭക്ഷ്യവകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ 16.09.2020 ൽ ചേർന്ന യോഗതീരുമാനം.

**<u>ഉത്തരവ്</u>**

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരാമർശം(1) പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച് യോഗ്യരായവരെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം(2) പ്രകാരം തീരുമാനിച്ചിരുന്നു.

2. മേൽപ്പറഞ്ഞപ്രകാരം മുൻഗണനയ്ക്ക് അർഹതയുണ്ടെങ്കിലും ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് ധാരാളം പേർ മുൻഗണനാപട്ടികയിൽ നിന്നും ഒഴിവായിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായ അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. വ്യക്തമായ കാരണങ്ങൾ കാണിച്ച് അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ ഇപ്രകാരം പരിഗണിക്കാൻ പാടുള്ളൂ.
2. പ്രത്യേക പരിഗണന നൽകി മാനദണ്ഡങ്ങൾ ഇളവ് ചെയ്ത് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മുൻപ് വസ്തുതകൾ പരിശോധിച്ച് അർഹത ഉറപ്പ വരുത്തേണ്ടതാണ്.
3. ഇത്തരത്തിൽ പ്രത്യേക പരിഗണന നൽകുന്നതിനും പൊതുവിതരണ ഡയറക്ടറുടെ തീരുമാനത്തിൽ ഇടപെടുന്നതിനും പരാതികൾ പരിഗണിക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.
4. ഇക്കാര്യത്തിൽ വ്യക്തികളുടെ അപേക്ഷ മാത്രം പരിഗണിക്കേണ്ടതും ഏതെങ്കിലും സംഘടനകളുടെയോ മറ്റോ അപേക്ഷയിൽ ഒരു പ്രത്യേക വിഭാഗത്തിന് മൊത്തമായി ഈ പരിഗണന നൽകാൻ പാടില്ലാത്തതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മണിലാൽ ബി.എസ്.**

**ജോയിന്റ് സെക്രട്ടറി**

1. പൊതുവിതരണ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും } DCS മുഖേന
3. എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും }
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ